(ബി&സി) പദ്ധതിയുടെ വികസനവുമായി ബന്ധപ്പെട്ട് തൊഴിൽ ബാധിക്കുന്ന വിവിധ വിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിർദ്ദേശിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ LIAC കമ്മിറ്റിയും അതിനുമേലുയരുന്ന പരാതികൾ പരിഗണിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനുമേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപുതന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി പദ്ധതി നേരിട്ട് ഉടനെ ബാധിക്കുന്ന ചിപ്പി തൊഴിലാളികളുടെയും കമ്പവലക്കാരുടെയും നഷ്ടപരിഹാരവും പുനരധിവാസവും നൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതു കഴിഞ്ഞാലുടൻ അപ്പീൽ കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ള മറ്റെല്ലാ പരാതികളും പരിഗണിക്കുന്നതാണ്.

മേൽപ്പറഞ്ഞവയ്ക്കു പുറമേ വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

വിഴിഞ്ഞം ഇറമുഖ പദ്ധതി

179 (187) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി 19-8-2015-ൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) എതെല്ലാം സംഘടനകളെ യോഗത്തിന് വിളിച്ചിട്ടുണ്ടായിരുന്നു ; പങ്കെടുത്തവർ ആരൊക്കെ ; യോഗ തീരുമാനങ്ങൾ അടങ്ങുന്ന മിനിട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുനരധിവാസ കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതി ചെലവ് വഹിക്കുന്നത് സർക്കാരാണോ ; അദാനിയുടെ കമ്പനിയാണോ ; പ്രസ്തുത കർമ്മ പദ്ധതിയ്ക്ക് എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ മോധാവികളുമായി മുഖ്യമന്ത്രി 19-8-2015-ൽ ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടില്ല.

(സി) വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യമായി വരുന്നത് രണ്ടു വിഭാഗങ്ങൾക്കാണ്.

1. സ്ഥലവും വീടും നഷ്ടപ്പെടുന്നവർ
2. തൊഴിൽ ബാധിക്കുന്നവർ

1. സ്ഥലവും വീടും നഷ്ടപ്പെടുന്നവർ :

വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുത്തതുമൂലം ഇതുവരെ 67 കുടുംബങ്ങൾക്കാണ് പുനരധിവാസം ആവശ്യമായിവന്നത്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരുടെ വസ്തുവിന്റെയും മറ്റു സ്ഥാവരജംഗമ വസ്തുക്കളുടെയും വിലയ്ക്കു പുറമെ പുനരധിവാസത്തിനായി 5 സെന്റ് വസ്തു സൗജന്യമായി നൽകുകയും കൂടാതെ, ഏറ്റെടുത്ത വീടുകളുടെ പഴക്കം കണക്കാക്കാതെ നിലവിലെ വിലയുടെ ഒന്നരയിരട്ടിയും പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആറു മാസം പുനരധിവാസ കാലയളവായി കണക്കാക്കി ഒരു കുടുംബത്തിന് പ്രസ്തുത കാലയളവിലെ വീട്ടുവാടകയും (3250 രൂപ X 6 മാസം = 19500) ; Hardship Allowance-ഉം (3000 രൂപ X 6 മാസം = 18000) നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 67 കുടുംബങ്ങൾക്കായി പുനരധിവാസത്തിനായി സൗജന്യമായി വസ്തു നൽകിയ ഇനത്തിൽ ഏകദേശം 11.39 കോടി രൂപയും വാടകയുടെയും Hardship Allowance-ന്റെയും ഇനത്തിൽ ഏകദേശം 25 ലക്ഷത്തിലധികം രൂപയും നൽകിയിട്ടുണ്ട്.

2. തൊഴിൽ ബാധിക്കുന്നവർ :

തുറമുഖവികസനംമൂലം പദ്ധതി പ്രദേശത്ത് തൊഴിൽ ബാധിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood

LIBRARY ARCHIVES Kerala Legislative Assembly

Impact Apprisal Committee യും (LIAC) അതിന്മേലുയരുന്ന പരാതികൾ പരിഗണിയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപുതന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാരവും പുനരധിവാസവും നൽകുവാനാണ് ലക്ഷ്യമിടുന്നത്.

മേൽപ്പറഞ്ഞവയ്ക്ക പുറമേ വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പുനരധിവാസം സംബന്ധിച്ച പദ്ധതികളുടെ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന് അദാനി കമ്പനിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിക്കുന്നതാണ്.

ഫോർട്ട്കൊച്ചി ബോട്ട് ദുരന്തം

180 (188) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിന്റെ കാരണങ്ങൾ പുറത്തുകൊണ്ടുവരാനും, ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുമോ ;

(ബി) ദുരന്തത്തിൽ മരണപ്പെട്ടവർ എത്രയാണ്, സംഭവം സംബന്ധിച്ച് ഇതിനകം നടത്തിയ അന്വേഷണത്തിലൂടെ പുറത്തുവന്ന വിവരങ്ങൾ വിശദമാക്കുമോ ;

(സി) സംസ്ഥാനത്തുണ്ടായ ബോട്ടുദുരന്തത്തെത്തുടർന്നുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ ഏതൊക്കെയായിരുന്നു ; കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ബാക്കി നിൽപ്പുള്ള നടപടികൾ എന്തൊക്കെയാണ് ; അവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly